റീജിയനൽ ഡയറക്ടറേറ്റുകൾ.

* 386. [24] ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീജിയനൽ ഡയറക്ടറേറ്റ് ആഫീസുകളുടെ പ്രവർത്തനം കൂടുതൽ കാലതാമസത്തിനും കാരണമാണെന്നും എല്ലാ ഭാഗത്തുനിന്നും പരാതിയുള്ളതിനെ പരിഗണിച്ച് അവ നിറുത്തലാക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഡിസ്ട്രിക്ടു എഡ്യൂക്കേഷനൽ ആഫീസറുടേയും അസിസ്റ്റൻറ് എഡ്യൂക്കേഷനൽ ആഫീസറന്മാരുടേയും ആഫീസുകളിൽ വേണ്ടത്ര സ്റ്റാഫ് ഇല്ലാത്തതിനാൽ ഇന്നു ഫയലുകൾ നീങ്ങാൻ വളരെ കാലതാമസം നേരിടുന്നു എന്നത് പരിഗണിച്ച് പ്രസ്തുത ആഫീസുകളുടെ പ്രവർത്തനം സുഗമമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ,ബി) ഇതു സംബന്ധിച്ച കാര്യങ്ങൾ പഠിച്ച് ഡിപ്പാർട്ടുമെൻറു കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനു വേണ്ട നിർദ്ദേശങ്ങൾ ഗവണ്മെൻറിലേക്കു സമർപ്പിക്കുന്നതിനു ഒരു സ്പെഷ്യൽ ആഫീസറെ നിയമിച്ചിട്ടുണ്ട്. സ്പെഷ്യലാഫീസറുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഗവണ്മെൻറു വേണ്ട തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

തൊഴിൽക്ഷുപ്പങ്ങൾ.

* 387. [25] ശ്രീ. പി. ബാലചന്ദ്രമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായസമാധാനസന്ധി (Industrial Peace Resolution) നടപ്പിൽവന്നശേഷം 1963 ഡിസംബർ മാസംവരെ കേരളത്തിൽ ഉണ്ടായിട്ടുള്ള തൊഴിൽക്ഷുപ്പങ്ങൾ എത്ര;

(ബി) ഇവയിൽ എത്ര തൊഴിൽ തർക്കങ്ങൾ നിർബന്ധിത അഡ്ജൂഡിക്കേഷനു സമർപ്പിച്ചു;

(സി) എത്ര തൊഴിൽതർക്കങ്ങൾ പണിമുടക്കിൽ കലാശിച്ചു;

(ഡി) പണിമുടക്കുകളുടെ ഫലമായി നഷ്ടപ്പെട്ട തൊഴിൽ ദിവസങ്ങൾ എത്ര;

(ഈ) ഓരോ തൊഴിലാളികേന്ദ്ര സംഘടനകളുടേയും നേതൃത്വത്തിൽ നടന്ന പണിമുടക്കുകളും അവയിൽ ഉൾപ്പെട്ടുന്ന തൊഴിലാളികളുടെ എണ്ണവും എത്ര?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) 1963 ഡിസംബർ വരെ 1796 തൊഴിൽ തർക്കങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) 18

(സി) 76

(ഡി) 370182

LIBRARY ARCHIVES Kerala Legislative Assembly

(ഈ) ആകെയുണ്ടായ 76 പണി മുടക്കുകളിൽ 64 എണ്ണം താഴെ പറയുന്ന കേന്ദ്രസംഘടനകളുടെ നേതൃത്വത്തിൽ നടന്നു. ബാക്കി 12 തൊഴിൽ സമരങ്ങളും കേന്ദ്രസംഘടനകളുമായി Affiliate ചെയ്യാത്തയൂണിയനുകളുടെ നേതൃത്വത്തിൽ നടന്നു.

കേന്ദ്രസംഘടനകളുടെ പേരു്	പണിമുടക്കങ്ങളുടെ എണ്ണം	തൊഴിലാളികളുടെഎണ്ണം
ഐ. എൻ. ടി. യു. സി	12	1816
എ. ഐ. ടി. യു. സി	45	4947
എച്ച്. എം. എസ്	2	93
എ. ഐ. ടി. യു. സി. ഐ. എൻ. ടി. യു. സി സംഘടിതനേതൃത്വം	3	829
എ. ഐ. ടി. യു. സി. എച്ച്. എം. എസ്,	1	3800
യു. ടി. യു. സി.	1	20
	64	11505

ടാക്സി കാറുകളം.

* 388. [31] ശ്രീ. എൻ. മോസ്സുരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടാക്സി കാറുകളിൽ 4 പേരിൽ കൂടുതൽ കയറാൻ പാടില്ലെന്ന നിയമം ഇപ്പോഴും നിലവിലുണ്ടോ ;

(ബി) നാളിതുവരെ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ എത്ര കേസുകളം എടുത്തിട്ടുണ്ടു് ;

(സി) ഈ വ്യവസ്ഥമൂലം വളരെയധികം ബുദ്ധിമുട്ടു് പൊതുജനങ്ങൾക്കു് നേരിട്ടുകൊണ്ടിരിക്കുന്നതിനെ പരിഗണിച്ചു് ആയതു് ഭേദഗതി ചെയ്യുവാൻ വേണ്ട നടപടി എടുക്കുമോ ?

ഗതാഗതവുംതൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) എല്ലാ ടാക്സിയിലും നാലു് പേരെമാത്രമെ കയറാവു എന്നു് നിഷ്കർഷിച്ചിട്ടില്ല. പൊതുവെ നാല് പേരെ കയറാനാണു് രജിസ്റ്റിംഗ് അതോറിറ്റി അനുവദിക്കുന്നതു്.

(ബി) 1-1-1963 മുതൽ 31-12-1963 വരെ 1751 കേസു് പോലീസു് രജിസ്റ്റർ ചെയ്തിട്ടുണ്ടു്.

(സി) ഭേദഗതി വരുത്തേണ്ട കാര്യം ഗവണ്മെന്റിന്റെ പരിഗണയിലിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly